# ജില്ലാ ബാങ്ക് വാർത്ത

കാസർകോട് ജില്ലാ സഹകരണ ബാങ്ക് ന്യൂസ് ബുള്ളറ്റിൻ

പുസ്തകം ഒന്ന് ലക്കം നാല് സെപ്റ്റംബർ 2012


# ജില്ലാ സഹകരണ ബാങ്ക് 36-ാമത് ശാഖ കാഞ്ഞങ്ങാട് അലാമിപ്പള്ളിയിൽ

**കാസർകോട്:** ജില്ലാ സഹകരണ ബാങ്കിന്റെ 36-ാമത് ശാഖ കാഞ്ഞങ്ങാട് അലാമിപ്പള്ളിയിൽ ഉടൻ പ്രവർത്തനം ആരംഭിക്കും. കാഞ്ഞങ്ങാടിന്റെ വികസന ചരിത്രത്തിലെ നാഴികക്കല്ലായി മാറാൻ പോകുന്ന അലാമിപ്പള്ളി പുതിയ ബസ്സ്റ്റാന്റിന് സമീപം ആരംഭിക്കുന്ന ആദ്യ ബാങ്കാണ് ജില്ലാ സഹകരണ ബാങ്കിന്റെ അലാമിപ്പള്ളി ശാഖ.

കാഞ്ഞങ്ങാടിന്റെ വികസനക്കുതിപ്പിൽ പങ്കാളികളാകുന്നതോടൊപ്പം പൊതുജനങ്ങളുടെ എല്ലാവിധ ബാങ്കിങ് ആവശ്യങ്ങളും നിറവേറ്റുംവിധം എയർകണ്ടീഷൻ ചെയ്തതും പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിക്കപ്പെട്ടതുമായിരിക്കും അലാമിപ്പള്ളി ശാഖ.

## സ്വാഗതസംഘം രൂപീകരിച്ചു

**അലാമിപ്പള്ളി:** ജില്ലാ സഹകരണ ബാങ്ക് അലാമിപ്പള്ളി ശാഖയുടെ ഉദ്ഘാടനവുമായി ബന്ധപ്പെട്ട് ഇ ചന്ദ്രശേഖരൻ എം എൽ എ, കാഞ്ഞങ്ങാട് നഗരസഭാ ചെയർപേഴ്സൺ ഹസീന താജുദ്ധീൻ, അഡ്വ. കെ പുരുഷോത്തമൻ എന്നിവർ രക്ഷാധികാരികളായ സ്വാഗതസംഘം രൂപീകരിച്ചു.

അലാമിപ്പള്ളി ഹോട്ടൽ രാജ് റെസിഡൻസിയിൽ നടന്ന സ്വാഗതസംഘം രൂപീകരണ യോഗത്തിൽ ജില്ലാ സഹകരണ ബാങ്ക് ജനറൽ മാനേജർ എ അനിൽകുമാർ അധ്യക്ഷതവഹിച്ചു. ജില്ലാ സഹകരണ ബാങ്കിന്റെ അലാമിപ്പള്ളി ശാഖ കാഞ്ഞങ്ങാടിന്റെ വികസനത്തിൽ സുപ്രധാന ഘടകമാകുമെന്ന് യോഗത്തിൽ സംസാരിച്ച കാഞ്ഞങ്ങാട് നഗരസഭാ വൈസ് ചെയർമാൻ പ്രഭാകരൻ വാഴുന്നോറടി പറഞ്ഞു. അവശേഷിക്കുന്ന പണികൾ പൂർത്തീകരിച്ച് അലാമിപ്പള്ളി പുതിയ ബസ്സ്റ്റാന്റ് ഉടൻ നാടിന് സമർപ്പിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നതായും അദ്ധേഹം പറഞ്ഞു.

കോട്ടച്ചേരി സർവ്വീസ് സഹകരണ ബാങ്ക് പ്രസിഡന്റ് അഡ്വ. കെ പുരുഷോത്തമൻ, ഉദുമ സർവ്വീസ് സഹകരണ ബാങ്ക് പ്രസിഡന്റ് അഡ്വ. സി കെ ശ്രീധരൻ, കാഞ്ഞങ്ങാട് നഗരസഭാ കൗൺസിലർമാരായ എം മാധവൻ, വിജയാ മുകുന്ദ്, കുസുമം, പി പി സുശാന്ത്, അസിസ്റ്റന്റ് രജിസ്ട്രാർ കെ രാജൻ, ലേറ്റസ്റ്റ് മാനേജിംഗ് എഡിറ്റർ അരവിന്ദൻ മാണിക്കോത്ത്, ജില്ലാ സഹകരണ ബാങ്ക് ഡെപ്യൂട്ടി ജനറൽ മാനേജർ എം കൃഷ്ണൻ തുടങ്ങിയവർ സംസാരിച്ചു.

ഡെപ്യൂട്ടി ജനറൽ മാനേജർ സി ബാലകൃഷ്ണൻ സ്വാഗതവും പബ്ലിക് റിലേഷൻസ് ഓഫീസർ സി സഹദ് നന്ദിയും പറഞ്ഞു.

സ്വാഗതസംഘം ഭാരവാഹികളായി അഡ്വ. സി കെ ശ്രീധരൻ (ചെയർമാൻ), പ്രഭാകരൻ വാഴുന്നോറടി, ടി അബൂബക്കർ ഹാജി, വിജയാ മുകുന്ദ്, സി എ പീറ്റർ, എം കുഞ്ഞമ്പാടി, പി രാമചന്ദ്രൻ, നാഗരാജ്, ഡോ. കെ പി സുധാകരൻ നായർ, വി വി രമേശൻ, ബി സുകുമാരൻ, എം മാധവൻ(വൈസ് ചെയർമാൻമാർ), കെ മോഹൻ (കൺവീനർ) എന്നിവരെ തെരഞ്ഞെടുത്തു.

## ജില്ലാ ബാങ്കിന്റെ സിൽവർ ജൂബിലി സമ്മാനം

**സി**ൽവർ ജൂബിലി വർഷത്തിൽ കാസർകോട് ജില്ലാ സഹകരണ ബാങ്ക് ജില്ലയ്ക്ക് സമർപ്പിക്കുന്ന സമ്മാനമാണ് കാഞ്ഞങ്ങാട് അലാമിപ്പള്ളിയിൽ ആരംഭിക്കുന്ന 36-ാമത് ശാഖ. ജില്ലയിലെ പ്രധാന നഗരങ്ങളിലൊന്നായ കാഞ്ഞങ്ങാടിന്റെ ഭൂപടത്തിൽ സുപ്രധാന സ്ഥാനം അലങ്കരിക്കാൻ പോകുന്ന അലാമിപ്പള്ളിയിൽ ആദ്യ ബാങ്കിംഗ് സ്ഥാപനം ആരംഭിക്കാൻ കഴിയുന്നതിൽ ജില്ലാ ബാങ്കിന് അതിയായ സന്തോഷമുണ്ട്.

അലാമിപ്പള്ളിയിലെ പുതിയ ബസ്റ്റാന്റ് ഉടൻ നാടിനു സമർപ്പിക്കുമെന്ന് ജനപ്രതിനിധികൾ സാക്ഷ്യപ്പെടുത്തുമ്പോൾ ബാങ്കിന്റെ ശാഖയ്ക്ക് തുടക്കംകുറിച്ച് നാടിന്റെ വികസന നടപടികളിൽ ജില്ലാബാങ്കും പങ്കാളിയാവുകയാണ്. പ്രദേശവാസികളുടെ നാനാവിധ ബാങ്കിംഗ് ആവശ്യങ്ങൾ നിറവേറ്റാൻ കഴിയുന്നതോടൊപ്പം ദിനംപ്രതി ബസ്റ്റാന്റിലെത്തുന്നവർക്കും അതിനോട് ചേർന്ന് പ്രർത്തിക്കുന്നവർക്കും ജില്ലാ ബാങ്കിന്റെ അലാമിപ്പള്ളി ശാഖ പ്രയോജനകരമാകും. എയർകണ്ടീഷൻ ചെയ്തതും പൂർണ്ണമായും കമ്പ്യൂട്ടർ വൽക്കരിക്കപ്പെട്ടതുമായ ശാഖ നാടിന് മുതൽക്കൂട്ടാകുമന്ന കാര്യം തീർച്ചയാണ്.

ജൻമ നാടിന്റെ സമഗ്ര വികസനം സ്വപ്നം കാണുകയും വികസന കാര്യങ്ങൾ സഫലമാകുമ്പോൾ സന്തോഷിക്കുന്നവരുമാണ് നാം. അതുകൊണ്ടുതന്നെ ജില്ലാ സഹകരണ ബാങ്കിന്റെ പ്രവർത്തനങ്ങളിൽ നാടിനെ അതിരറ്റ് സ്നേഹിക്കുന്ന നിങ്ങളുടെ ഓരോരുത്തരുടേയും സഹകരണം പ്രതീക്ഷിക്കട്ടെ.

മാനേജിംഗ് എഡിറ്റർ
എ അനിൽ കുമാർ
ജനറൽ മാനേജർ

ചീഫ് എഡിറ്റർ
സി ബാലകൃഷ്ണൻ

എഡിറ്റർ
സി സഹദ്

എഡിറ്റോറിയൽ ബോർഡ് അംഗങ്ങൾ

വി കൃഷ്ണൻ
എം പ്രവീൺകുമാർ
കെ മോഹനൻ
കെ അനീഷ്

## ജില്ലയിൽ ലേബർ ബാങ്ക് രൂപീകരിക്കണം

**അലാമിപ്പള്ളി:** തൊഴിലാളിക്ഷാമത്തിന് പരിഹാരം കാണാൻ ജില്ലാതലത്തിൽ ലേബർ ബാങ്ക് രൂപീകരിക്കണമെന്ന് കാസർകോട് ജില്ലാ സഹകരണ ബാങ്ക് അലാമിപ്പള്ളി ശാഖയുടെ ഉദ്ഘാടനത്തിന് മുന്നോടിയായി സംഘടിപ്പിച്ച കർഷക കൂട്ടായ്മ ആവശ്യപ്പെട്ടു. നെൽകർഷകർ ഉൾപ്പടെയുള്ളവർ നേരിടുന്ന തൊഴിലാളിക്ഷാമം പരിഹരിക്കാത്തപക്ഷം കർഷകർ കൃഷി ഉപേക്ഷിക്കേണ്ട സാഹചര്യമാണുള്ളതെന്നും തൊഴിലുറപ്പ് പദ്ധതി കാർഷിക മേഖലയിൽ കേന്ദ്രീകരിക്കണമെന്നും പ്രമേയത്തിൽ അഭിപ്രായപ്പെട്ടു.

ബല്ല ഈസ്റ്റ് ഗവ. ഹയർ സെക്കണ്ടറി സ്കൂളിൽ നടന്ന പരിപാടി ജില്ലാ സഹകരണ ബാങ്ക് ഡെപ്യൂട്ടി ജനറൽ മാനേജർ സി ബാലകൃഷ്ണൻ ഉദ്ഘാടനം ചെയ്തു. ഇ വി കൃഷ്ണ പൊതുവാൾ അധ്യക്ഷത വഹിച്ചു. ജില്ലാ സഹകരണ ബാങ്ക് അഗ്രികൾച്ചറൽ ഓഫീസർ എം പ്രവീൺകുമാർ, പബ്ലിക് റിലേഷൻസ് ഓഫീസർ സി സഹദ് എന്നിവർ സംസാരിച്ചു. കെ സുകുമാരൻ സ്വാഗതവും അലാമിപ്പള്ളി ശാഖാ ഓർഗനൈസിംഗ് മാനേജർ കെ മോഹനൻ നന്ദിയും പറഞ്ഞു.

ഫാർമേഴ്സ് ക്ലബ്ബ് ഭാരവാഹികളായി പി ഗോപാലൻ (പ്രസിഡന്റ്), കുഞ്ഞികൃഷ്ണൻ നായർ (വൈസ് പ്രസിഡന്റ്), എൻ ടി ദാമോദരൻ (സെക്രട്ടറി), എം പത്മാവതി (ജോയിന്റ് സെക്രട്ടറി ) എന്നിവരെ തെരഞ്ഞെടുത്തു.

## സ്വാതന്ത്ര്യദിനാഘോഷം: വൃക്ഷത്തൈ നട്ടു

**പരപ്പ:** കാസർകോട് ജില്ലാ സഹകരണ ബാങ്ക് പരപ്പ ശാഖയുടെ കീഴിലുള്ള സഞ്ജീവനി വനിതാ ഫാർമേഴ്സ് ക്ലബ്ബിന്റെയും പരപ്പ ഗവ. എച്ച്.എസ്.എസിന്റെയും സംയുക്താഭിമുഖ്യത്തിൽ സ്വാതന്ത്ര്യദിനം വിവിധ പരിപാടികളോടെ ആഘോഷിച്ചു. പരിപാടിയുടെ ഭാഗമായി പരപ്പ ഗവ. എച്ച്.എസ്.എസ് കോമ്പൗണ്ടിൽ വൃക്ഷത്തൈ നട്ടു. അത്യുൽപ്പാദന ശേഷിയുള്ള പത്തിനം മാവിൻ തൈകളാണ് നട്ടത്.

സ്കൂളിൽ നടന്ന ചടങ്ങ് വാർഡ് മെമ്പർ സി എം ഇബ്രാഹിം ഉദ്ഘാടനം ചെയ്തു. പി ടി എ പ്രസിഡന്റ് എം വി പുരുഷോത്തമൻ അധ്യക്ഷതവഹിച്ചു. പ്രിൻസിപ്പാൾ കെ സി ജോസഫ് വൃക്ഷത്തൈ നടീൽ നിർവ്വഹിച്ചു. ജില്ലാ സഹകരണ ബാങ്ക് അഗ്രികൾച്ചറൽ ഓഫീസർ എം പ്രവീൺകുമാർ, പരപ്പ ശാഖാ മാനേജർ ബി മാധവൻ, എ ആർ രാജു എന്നിവർ പ്രസംഗിച്ചു. സ്കൂൾ ഹെഡ്മാസ്റ്റർ ബാലകൃഷ്ണൻ സ്വാഗതവും സ്റ്റാഫ് സെക്രട്ടറി കുര്യൻ നന്ദിയും പറഞ്ഞു.



*സ്വാതന്ത്ര്യദിനത്തിൽ ജില്ലാ സഹകരണ ബാങ്ക് പരപ്പ ശാഖയുടെ കീഴിലുള്ള സഞ്ജീവനി വനിതാ ഫാർമേഴ്സ് ക്ലബ്ബ് പ്രവർത്തകരും വിദ്യാർത്ഥികളും ചേർന്ന് വൃക്ഷത്തൈ നടുന്നു*

# കറുത്ത പൊന്നിനെ അടുത്തറിയാൻ പന്നിയൂരിലേക്ക് ഒരു പഠനയാത്ര

**തളിപ്പറമ്പ്:** കാട്ടുവർഗ്ഗത്തിൽപ്പെട്ട ബ്രസീലിയൻ കുരുമുളക് ചെടിയായ പൈപ്പർ കൊളുബ്രീനം, ലോകശ്രദ്ധ പിടിച്ചുപറ്റിയ പന്നിയൂർ തൈകൾ... കറുത്ത പൊന്നിനെ അടുത്തറിയാനായി പന്നിയൂർ കുരുമുളക് ഗവേഷണ കേന്ദ്രത്തിലെത്തിയ കർഷകരെ വരവേറ്റത് പുത്തനറിവുകളുടെ മഹാസാഗരം. കുരുമുളക് കൃഷിയിൽ കേട്ടറിവുകൾ മാത്രമുണ്ടായിരുന്നവർക്ക് പ്രായോഗിക പരിശീലനം ലഭിച്ചതിനു സമാനമായിരുന്നു സന്ദർശനാനുഭവം.

കാസർകോട് ജില്ലാ സഹകരണ ബാങ്ക് പൊയിനാച്ചി ശാഖയ്ക്കു കീഴിൽ പ്രവർത്തിക്കുന്ന ഐശ്വര്യ ഫാർമേഴ്സ് ക്ലബ്ബിന്റെ നേതൃത്വത്തിൽ 29 അംഗങ്ങൾ ഉൾപ്പെടുന്ന സംഘമാണ് നബാർഡിന്റെ ധനസഹായത്തോടെ പന്നിയൂർ കുരുമുളക് ഗവേഷണ കേന്ദ്രം സന്ദർശിച്ചത്. പന്നിയൂർ ഒന്നു മുതൽ ഏഴുവരെയുള്ള ഇനങ്ങളുടെ പ്രത്യേകതകളും തിരിച്ചറിയുന്ന വിധവും കേന്ദ്രത്തിലെ അസിസ്റ്റന്റ് പ്രൊഫസറായാ ഡോ. പി എം അജിത് വിശദീകരിച്ചു. മനുഷ്യ ഹൃദയത്തിനോട് സാദൃശ്യമുള്ള ഇലകളോട് കൂടിയ പന്നിയൂർ ഒന്ന്, ഇലകളിൽ ഞൊറികളുള്ള പന്നിയൂർ മൂന്ന്, കുതിരവാലുപോലെയുള്ള തിരികളോട് കൂടിയ പന്നിയൂർ നാല്, നീളമുള്ള ഇലകളോട് കൂടിയ പന്നിയൂർ അഞ്ച്, അകത്തേക്ക് ചുരുങ്ങിയ ഇലകളോട് കൂടിയ പന്നിയൂർ ഏഴ് എന്നിവയെക്കുറിച്ച് ഏറെ ആശ്ചര്യത്തോടെയാണ് കർഷകർ കേട്ടറിഞ്ഞത്. ഇവയോരുന്നും കൃഷിചെയ്യാൻ ഏറെ അനുയോജ്യമായ പ്രദേശങ്ങളെക്കുറിച്ചും ഡോ. അജിത് വിശദീകരിച്ചു.

കുരുമുളക് ചെടികളിലുണ്ടാകുന്ന ദ്രുതവാട്ടം, സാവധാനവാട്ടം തുടങ്ങിയ രോഗങ്ങളുടെ ലക്ഷണങ്ങളെക്കുറിച്ചും അവയെ പ്രതിരോധിക്കാനുള്ള മാർഗങ്ങളെക്കുറിച്ചും മനസ്സിലാക്കാൻ സന്ദർശനം വഴിയൊരുക്കി. ചെന്തലകൾ മുറിച്ചെടുത്ത് പുതിയ തൈകൾ ഉണ്ടാക്കുന്നതും കുറ്റിക്കുരുമുളക് ചെടികൾ ഉണ്ടാക്കുന്നതും ഗ്രാഫ്റ്റിംങ്ങിലൂടെ




*പന്നിയൂർ കുരുമുളക് ഗവേഷണ കേന്ദ്രത്തിലെത്തിയ കർഷകർക്ക് മുമ്പാകെ പന്നിയൂർ ഇനങ്ങളെക്കുറിച്ച് ഡോ. പി എം അജിത് വിശദീകരിക്കുന്നു*



*കരിമ്പം ജില്ലാ കൃഷിത്തോട്ടത്തിന്റെ സവിശേഷതകൾ കൃഷി ഓഫീസർ ജമീലകുന്നത്ത് വിവരിക്കുന്നു*

അത്യുൽപ്പാദന ശേഷിയുള്ള പന്നിയൂർ ഇനങ്ങൾ ഉണ്ടാക്കുന്നതും എങ്ങനെയെന്ന് കർഷകർ നേരിൽ കണ്ട് പഠിച്ചു. ദ്രുതവാട്ടത്തെ പ്രതിരോധിക്കാൻ ഗ്രാഫ്റ്റിംങിന് ഉപയോഗിക്കുന്ന രോഗപ്രതിരോധശേഷി കൂടുതലുള്ള പൈപ്പർ കൊളുബ്രീനം എന്ന ബ്രസീലിയൻ കാട്ടുവർഗ്ഗ ചെടിയെ പരിചയപ്പെട്ട കർഷകർ പന്നിയൂർ തൈകളും വാങ്ങി വിപുലമായ രീതിയിൽ കുരുരുമുളക് കൃഷി ചെയ്യാനുള്ള തീരുമാനത്തോടെയാണ് ഗവേഷണ കേന്ദ്രംവിട്ടത്.

തളിപ്പറമ്പ് കരിമ്പത്തുള്ള ജില്ലാ കൃഷിത്തോട്ടം സന്ദർശിച്ച ശേഷമാണ് കൃഷിക്കാർ പന്നിയൂർ ഫാം സന്ദർശിച്ചത്. കൃഷിത്തോട്ടത്തിൽ നിവിലുള്ള അത്യുൽപ്പാദന ശേഷിയുള്ള മാവിൻതൈകളെക്കുറിച്ചും ബയോഡൈവേഴ്സിറ്റി സെന്ററിനെക്കുറിച്ചും കൃഷി ഓഫീസർ ജമീലകുന്നത്ത് വിശദമായി വിവരിച്ചു. ആരോഗ്യപച്ച, ആകാശ വെള്ളരി, റംമ്പൂട്ടാൻ, പൊന്നിലമരം, പുല്ലമരുത്, ചെങ്കൊല്ലി, ദന്തപ്പാല, രാജംപുളി, മാംഗോസ്റ്റിൻ തുടങ്ങി ഔഷധ സസ്യങ്ങളും അല്ലാത്തതുമായ ഒട്ടേറെ മരങ്ങളെ കൃഷിത്തോട്ടം പരിചയപ്പെടുത്തി. എച്ച് 56, ചന്ദ്രക്കാരൻ, ബെന്നെറ്റ് അൽഫോൻസ, മുണ്ടപ്പ, നീലം തുടങ്ങിയ മേൽത്തരം മാവിൻ തൈകളെക്കുറിച്ച് പഠിക്കാനും സന്ദർശനം സഹായകരമായി.

ജില്ലാ സഹകരണ ബാങ്ക് അഗ്രികൾച്ചറൽ ഓഫീസർ എം പ്രവീൺകുമാർ, പബ്ലിക് റിലേഷൻസ് ഓഫീസർ സി സഹദ് , ഫാർമേഴ്സ് ക്ലബ്ബ് പ്രസിഡന്റ് കെ ചന്തുക്കുട്ടി, സെക്രട്ടറി കെ ശിവരാമൻ എന്നിവരുടെ നേതൃത്വത്തിലായിരുന്നു പഠനയാത്ര.

# ഒരുമയുടെ സന്ദേശവുമായി നാടെങ്ങും ഓണാഘോഷം

**കാസർകോട്:** ജില്ലാ സഹകരണ ബാങ്കിൽ ജീവനക്കാരുടെ നേതൃത്വത്തിൽ വിവിധ പരിപാടികളോടെ ഓണം ആഘോഷിച്ചു. ഹെഡ്ഡാഫീസിൽ നടന്ന പരിപാടികൾ ജില്ലാ സഹകരണ ബാങ്ക് പാർട്ടൈം അഡ്മിനിസ്ട്രേറ്റർ കെ ശ്രീധരൻ ഉദ്ഘാടനം ചെയ്തു. ജനറൽ മാനേജർ എ അനിൽകുമാർ അധ്യക്ഷത വഹിച്ചു. ഡെപ്യൂട്ടി ജനറൽ മാനേജർമാരായ എം കൃഷ്ണൻ, സി ബാലകൃഷ്ണൻ, എൻ കുഞ്ഞികൃഷ്ണൻ തുടങ്ങിയവർ പങ്കെടുത്തു.



*ജില്ലാ ബാങ്ക് പള്ളിക്കര ശാഖയിൽ തീർത്ത പൂക്കളം*



*ജില്ലാ സഹകരണ ബാങ്കിൽ നടന്ന ഓണാഘോഷ പരിപാടികൾ അഡ്മിനിസ്ട്രേറ്റർ കെ ശ്രീധരൻ ഉദ്ഘാടനം ചെയ്യുന്നു.*



*ജില്ലാ ബാങ്ക് ചീമേനി ശാഖയിൽ തീർത്ത പൂക്കളം*



*ജില്ലാ ബാങ്ക് പരപ്പ ശാഖയിൽ തീർത്ത പൂക്കളം*



*ജില്ലാ ബാങ്ക് കാസർഗോഡ് ടൗൺ ശാഖയിൽ തീർത്ത പൂക്കളം*

# ബാങ്ക് വായ്പ:മാർഗനിർദ്ദേശങ്ങളുമായി ജില്ലാ ബാങ്ക് സെമിനാർ

**സൂരംബയൽ:** കാസർകോട് ജില്ലാ സഹകരണ ബാങ്കിൽ നബാർഡിന്റെ ധനസഹായത്തോടെ പ്രവർത്തിക്കുന്ന ക്രെഡിറ്റ് കൗൺസലിങ് ആന്റ് ലൈവ്‌ലിഹുഡ് പ്രൊമോഷൻ സെന്ററിന്റെ(കൈത്താങ്ങ്) ആഭിമുഖ്യത്തിൽ എടനാട് കണ്ണൂർ സർവ്വീസ് സഹകരണ ബാങ്കിന്റെ ഇടപാടുകാർക്കായി സൂരംബയൽ ഗവ. സ്കൂളിൽ സെമിനാർ സംഘടിപ്പിച്ചു. എടനാട് കണ്ണൂർ സർവ്വീസ് സഹകരണ ബാങ്ക് സ്ഥാപക മെമ്പറായ എച്ച് രഘുരാമ ആൾവ ഉദ്ഘാടനം ചെയ്തു.

പ്രസിഡന്റ് എച്ച് ശിവരാമ ഭട്ട് അധ്യക്ഷതവഹിച്ചു. ബാങ്കിന്റെ സ്ഥാപക മെമ്പറെ ജില്ലാസഹകരണ ബാങ്ക് ജനറൽ മാനേജർ എ അനിൽകുമാർ ഉപഹാരം നൽകി ആദരിച്ചു. റിസ്ക് ഫണ്ട് വിതരണം നബാർഡ് എ.ജി.എം എൻ. ഗോപാലൻ നിർവ്വഹിച്ചു. പബ്ലിക് റിലേഷൻസ് ഓഫീസർ സി സഹദ് പ്രസംഗിച്ചു. ബാങ്കുകളും കാർഷിക വായ്പയും എന്ന വിഷയത്തിൽ



*ജില്ലാ സഹകരണ ബാങ്ക് ക്രെഡിറ്റ് കൗൺസലിംഗ് സെന്ററിന്റെ നേതൃത്വത്തിൽ സൂരംബയൽ ഗവ. സ്കൂളിൽ സംഘടിപ്പിച്ച സെമിനാർ എച്ച് രഘുരാമ ആൾവ ഉദ്ഘാടനം ചെയ്യുന്നു.*

നബാർഡ് എ.ജി.എം എൻ. ഗോപാലൻ, കിസാൻക്രെഡിറ്റ് കാർഡ് സവിശേഷതകൾ സംബന്ധിച്ച് അഗ്രികൾച്ചറൽ ഓഫീസർ എം പ്രവീൺ കുമാർ, ബാങ്കിംഗും നിയമവശങ്ങളും എന്ന വിഷയത്തിൽ അഡ്വ. സദാനന്ദ റൈ എന്നിവർ ക്ലാസെടുത്തു. എടനാട് കണ്ണൂർ സർവ്വീസ് സഹകരണ ബാങ്ക് സെക്രട്ടറി എ കൃഷ്ണ ഭട്ട് സ്വാഗതവും കെ വെങ്കട്ടരമണ ഭട്ട് നന്ദിയും പറഞ്ഞു.

Edited, Printed & Published by General Manager, Kasaragod District Co-operative Bank Ltd. (Free Circulation only)
Phone- 04994-220118, 230118.